"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - തീവ്ര ഭിന്നശേഷിക്കാരുടെ എഴുത്ത് പരീക്ഷയുമായി ബന്ധപ്പെട്ട് സ്ക്രൈബ് വയ്ക്കുന്നതിനെ സംബന്ധിച്ച് കേന്ദ്ര സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എഴുത്ത് പരീക്ഷകൾക്കും, മത്സര പരീക്ഷകൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള വിശദമായ മാർഗരേഖ സെറ്റ്, കെ-ടെറ്റ് പരീക്ഷകൾക്കും ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4646/2025/GEDN തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:-

1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 25/10/2022 ലെ സ.ഉ(കൈ) നമ്പർ 196/2022 ഉത്തരവ്
2. പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എഴുത്ത് പരീക്ഷകൾക്കും, മത്സര പരീക്ഷകൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള വിശദമായ മാർഗരേഖ
3. ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി മുമ്പാകെ കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് യൂത്ത് ഫോറം പ്രസിഡന്റ് സമർപ്പിച്ച 16-02-2023-ലെ LRNO KFBYF/21/2022-23 നമ്പർ അപേക്ഷ.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25-10-2024-ലെ ഡി.ജി.ഇ/18167/2024/IED1 നമ്പർ കത്ത്.
5. എൽ.ബി.എസ് ഡയറക്ടറുടെ 20-06-2024, 26/11/2024 തീയതികളിലെ B10/3540/2022 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തീവ്ര ഭിന്നശേഷിക്കാരുടെ എഴുത്ത് പരീക്ഷയുമായി ബന്ധപ്പെട്ട് സ്ക്രൈബ് വയ്ക്കുന്നതിനെ സംബന്ധിച്ച് കേന്ദ്ര സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എഴുത്ത് പരീക്ഷകൾക്കും, മത്സര പരീക്ഷകൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് പരാമർശം (1) ൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശദമായ മാർഗരേഖ സെറ്റ്, കെ-ടെറ്റ് പരീക്ഷകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റ് യൂത്ത്

ഫോറം പ്രസിഡന്റ് പരാമർശം (3 ) പ്രകാരം അഭ്യർഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും പരാമർശം (4), (5) കത്തുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തീവ്ര ഭിന്നശേഷിക്കാരുടെ എഴുത്ത് പരീക്ഷയുമായി ബന്ധപ്പെട്ട് സ്ക്രൈബ് വയ്ക്കുന്നതിനെ സംബന്ധിച്ച് കേന്ദ്ര സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ച മാർഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എഴുത്ത് പരീക്ഷകൾക്കും, മത്സര പരീക്ഷകൾക്കും പ്രത്യേക പരിഗണന അർഹിക്കുന്ന പരീക്ഷാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച് പരാമർശം (1) ൽ സർക്കാർ നിർദ്ദേശിച്ച പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിശദമായ മാർഗരേഖ കെ-ടെറ്റ് പരീക്ഷയ്ക്ക് ബാധകമാക്കിയും, ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സെറ്റ് പരീക്ഷയ്ക്ക് ബാധകമാക്കിയും ഉത്തരവാകുന്നു. (മാർഗ്ഗനിർദേശങ്ങളിൽ അതാത് ഇടങ്ങളിൽ പരാമർശിക്കുന്ന APPENDIX-കൾ പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ APPENDIX-കളായി വായിക്കേണ്ടതാണ്)

**RPwD ആക്ട് 2016 സെക്ഷൻ 2(r), സെക്ഷൻ 2(S) പ്രകാരം അനുവദിക്കുന്ന പരീക്ഷാനുകൂല്യങ്ങൾ.**

- പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷാനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ സർക്കാർ അംഗീകൃത മെഡിക്കൽ ബോർഡ് / അതോറിറ്റി നൽകുന്ന നിശ്ചിത മാതൃകയിലുള്ള ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സെൻട്രൽ ഗവണ്മെന്റ് നൽകുന്ന UDID Card ഉണ്ടായിരിക്കണം.

- സ്ക്രൈബിന്റെ സഹായം ആവശ്യമുള്ളവർ സെറ്റ് പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ, നിർദേശിച്ചിരിക്കുന്നത് പോലെ അപേക്ഷ സമർപ്പിക്കുകയും ബന്ധപ്പെട്ട രേഖകൾ സഹിതം തപാൽ മാർഗം എൽ.ബി.എസ്. ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ആണ്. പരിഹാര സമയം മാത്രം ആവശ്യമുള്ളവർ പരീക്ഷ ദിവസം പരീക്ഷാ കേന്ദ്രത്തിലെത്തി ചീഫ് സൂപ്രണ്ടിനോട് ബന്ധപ്പെട്ട രേഖകൾ സഹിതം ആവശ്യപ്പെട്ടാൽ മതിയാകും.

- പരീക്ഷാർത്ഥിയ്ക്ക് സ്ക്രൈബിനെ സ്വയം കണ്ടെത്താവുന്നതാണ്. അല്ലാത്തപക്ഷം പരീക്ഷാർത്ഥിയ്ക്ക് എൽ.ബി.എസ്. സെന്ററിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. എൽ.ബി.എസ്. സെന്റർ അതാതു പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് മുഖേന സ്ക്രൈബിനെ നൽകുന്നതാണ്.

- പരീക്ഷാർത്ഥിക്ക് അനുവദിക്കുന്ന സ്ക്രൈബ് / ഇന്റർപ്രെട്ടർ / റീഡർ / ലാബ് അസിസ്റ്റന്റ് എന്നിവർ പരീക്ഷാർത്ഥിയുടെ ബന്ധുക്കളോ പരിശീലകരോ ആകരുത്. പരീക്ഷാർത്ഥി ആവശ്യപ്പെടുന്ന പക്ഷം പരീക്ഷയ്ക്ക് രണ്ടു ദിവസം മുമ്പെങ്കിലും സ്ക്രൈബുമായി കൂടിക്കാഴ്ചയ്ക്ക് അവസരം ഒരുക്കേണ്ടതാണ്.

- സ്ക്രൈബിന്റെ യോഗ്യത പരീക്ഷാർത്ഥിയുടേതിനേക്കാളും ഒരു ക്ലാസ് എങ്കിലും താഴെ ആയിരിക്കേണ്ടതാണ്.

- സ്ക്രൈബ് / ഇന്റർപ്രെട്ടർ / റീഡർ / ലാബ് അസിസ്റ്റന്റ് ആയി നിയമനം ലഭിക്കുന്നവർ പരീക്ഷാ ചുമതല ഏറ്റെടുക്കുന്നതിനു മുൻപായി നിശ്ചിത ഫോറം (APPENDIX -II) പൂരിപ്പിച്ച് സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥി സ്വയം കണ്ടെത്തിയ സ്ക്രൈബിന്റെ സേവനമാണ് ഉപയോഗിക്കുന്നതെങ്കിൽ, പരീക്ഷാർത്ഥി APPENDIX-III സമർപ്പിക്കേണ്ടതാണ്.

- പരീക്ഷാർത്ഥിയുടെ സൗകര്യപ്രകാരം ഒരു സ്ക്രൈബിനെ പരീക്ഷാകേന്ദ്രത്തിൽ നിന്നും അനുവദിക്കാവുന്നതോ, അവർക്കു സ്ക്രൈബിനെ സ്വയം കണ്ടെത്താവുന്നതോ ആണ്. ഒരു സ്ക്രൈബിനെ അനുവദിച്ചതിനു ശേഷം പരീക്ഷയ്ക്ക് തൊട്ടുമുൻപോ, പരീക്ഷയ്ക്ക് ഇടയിലോ സ്ക്രൈബിനെ മാറ്റുവാൻ കഴിയില്ല.

- സ്ക്രൈബിന്റെ സേവനം ഉപയോഗിച്ച് പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികൾക്കു ഏറ്റവും സൗകര്യപ്രദമായ സംവിധാനങ്ങളും ഇരിപ്പിടങ്ങളും ഒരുക്കേണ്ടതാണ്. താഴത്തെ നിലയിലുള്ളതും പ്രധാന കവാടത്തോട് ചേർന്നുള്ളതുമായ മുറിയായിരിക്കണം പരീക്ഷയ്ക്കായി സജ്ജീകരിക്കേണ്ടത്. ഈ മുറിക്കുള്ളിൽ പരീക്ഷകന്റെ സേവനം നിർബന്ധമായും ഉണ്ടായിരിക്കണം.

- പരീക്ഷാർത്ഥിക്ക് പരിമിതികൾ മറികടക്കുന്നതിനാവശ്യമായ സഹായക ഉപകരണങ്ങൾ ആവശ്യമെങ്കിൽ അനുവദിക്കാവുന്നതാണ്.

<u>RPWD ആക്ട് 2016 സെക്ഷൻ 2(r) പ്രകാരം നൽകാവുന്ന പരീക്ഷാനുകൂല്യങ്ങൾ</u>

- മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരീക്ഷ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ കഴിയുകയുള്ളൂ.

- കാഴ്ചപരിമിതി, ചലനപരിമിതി, ഇരുകൈകൾക്കുമുള്ള ചലന പരിമിതി, സെറിബ്രൽ പാൾസി എന്നിവയുള്ള വിദ്യാർത്ഥികൾക്ക് സ്ക്രൈബ് / ഇന്റർപ്രെട്ടർ/റീഡർ / ലാബ് അസിസ്റ്റന്റ് എന്നിവരിൽ ആരുടെയെങ്കിലും സേവനം അവർ ആവശ്യപ്പെടുന്ന പക്ഷം മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചു നൽകാവുന്നതാണ്. എന്നാൽ മറ്റു വിഭാഗം പരിമിതികളുള്ള വിദ്യാർത്ഥികൾ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനൊപ്പം സർക്കാരിന്റെ ആരോഗ്യ പരിപാലന കേന്ദ്രങ്ങളിലെ Chief Medical Officer/Civil Surgeon/Medical Superintendent എന്നിവർ നൽകുന്ന നിശ്ചിത പ്രൊഫോർമയിലുള്ള (APPENDIX IV) സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം സ്ക്രൈബ് / ഇന്റർപ്രെട്ടർ / റീഡർ / ലാബ് അസിസ്റ്റന്റ് എന്നിവരുടെ സഹായം ലഭ്യമാക്കാവുന്നതാണ്.

- കാഴ്ചപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് Magnifying Glass ഉപയോഗിക്കുന്നതിനുള്ള അനുവാദം നൽകാവുന്നതാണ്.

- ബിരുദാനന്തര ബിരുദവും ബി. എഡും ഉള്ള മുതിർന്ന ആൾക്കാരാണ് സെറ്റ് പരീക്ഷ എഴുതുന്നത്. എങ്കിലും ആവശ്യമുണ്ടെങ്കിൽ രക്ഷിതാക്കൾക്ക് പരീക്ഷ ഹാളിൽ പ്രവേശനം അനുവദിക്കാവുന്നതാണ്.

- സ്ക്രൈബ് / ഇന്റർപ്രെട്ടർ / റീഡർ / ലാബ് അസിസ്റ്റന്റ് എന്നിവരുടെ സേവനം ഉപയോഗിച്ച് പരീക്ഷ എഴുതുന്നവർക്കും ഈ സേവനം ഉപയോഗിക്കാതെ പരീക്ഷ എഴുതുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കും മണിക്കൂറിന് 20 മിനിട്ടിൽ കുറയാത്ത പരിഹാരസമയം അനുവദിക്കാവുന്നതാണ്.
- ശ്രവണ പരിമിതിയുള്ള വിദ്യാർത്ഥികൾക്ക് ഉപന്യാസ ചോദ്യങ്ങൾക്ക് പകരമായി (descriptive type questions) വസ്തു നിഷ്ഠചോദ്യങ്ങളും (objective type questions) കാഴ്ചപരിമിതിയുള്ള വിദ്യാർത്ഥികൾക്ക് കാഴ്ച ആവശ്യമായി വരുന്ന മാപ്പുകൾ, ഗ്രാഫുകൾ, പട്ടികകൾ തുടങ്ങിയവ വിശകലനം ചെയ്യുന്ന ചോദ്യങ്ങൾക്കുപകരം ഉചിതമായ മറ്റു രീതിയിലുള്ള ചോദ്യങ്ങളും സാധ്യമെങ്കിൽ അനുരൂപീകരിച്ച് ചോദ്യപേപ്പറിൽ ഉൾപ്പെടുത്താവുന്നതാണ്.

<u>RPWD ആക്ട് 2016 സെക്ഷൻ 2(s) പ്രകാരം നൽകാവുന്ന പരീക്ഷാനുകൂല്യങ്ങൾ</u>

- 40 ശതമാനത്തിൽ താഴെ പരിമിതിയുള്ളതും എഴുതാൻ പ്രയാസമുള്ളതുമായ പരീക്ഷാർത്ഥികൾ APPENDIX V പ്രകാരമുള്ള നിശ്ചിത പ്രൊഫോർമയിൽ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് സ്ക്രൈബ്, പരിഹാരസമയം എന്നിവ അനുവദിച്ചു നൽകുന്നതാണ്.

- 40 ശതമാനത്തിൽ താഴെ പരിമിതിയുള്ളതും എഴുതാൻ പ്രയാസമുള്ളതുമായ പരീക്ഷാർത്ഥികൾക്ക് സ്ക്രൈബിന്റെ സഹായം മാത്രമേ അനുവദിക്കുകയുള്ളൂ. സ്ക്രൈബിനെ അനുവദിക്കുന്നവർക്ക് മാത്രമേ മണിക്കൂറിന് 20 മിനിറ്റ് പരിഹാരസമയം അനുവദിക്കാവൂ.

- സ്ക്രൈബിന്റെ സേവനം ഉപയോഗിച്ച് പരീക്ഷ എഴുതുന്നവർ APPENDIX VI ചീഫ് സൂപ്രണ്ടിന് സമർപ്പിക്കേണ്ടതാണ്.

കൂടാതെ, സ.ഉ(സാധാ)നം.4725/2015/പൊ.വി.വ, തീയതി.06/10/2015, സ.ഉ(സാധാ)നം. 5051/2017/പൊ.വി.വ തീയതി 29/12/2017 എന്നിവ പ്രകാരം നിലവിൽ അനുവദിക്കുന്ന മറ്റു ആനുകൂല്യങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഹയർസെക്കന്ററി വിഭാഗം),തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ (വൊക്കേഷണൽ ഹയർസെക്കന്ററി വിഭാഗം), തിരുവനന്തപുരം.

പരീക്ഷാ കമ്മീഷണർ, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം.

സെക്രട്ടറി, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം.

കമ്മീഷണർ ഓഫ് പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റി, കേരളം, തിരുവനന്തപുരം.

ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം.

പ്രസിഡന്റ്, കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് യൂത്ത് ഫോറം, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം - 695 035

സാമൂഹ്യനീതി വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 15-07-2025 13:27:55

സെക്ഷൻ ഓഫീസർ

പകർപ്പ്:-

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.